15 -ാം കേരള നിയമസഭ

2 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4686 — 10-08-2021 - ൽ മറുപടിയ്ക്ക്

## മഞ്ചേശ്വരം മണ്ഡലത്തിലെ റെയിൽവേ ലെവൽക്രോസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേശ്വരം മണ്ഡലത്തിൽ നിലവിൽ എത്ര റെയിൽവേ ലെവൽക്രോസുകൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) | (എ) മഞ്ചേശ്വരം മണ്ഡലത്തിൽ നിലവിൽ അഞ്ച് റെയിൽവേ ലെവൽക്രോസുകൾ ഉണ്ട്. 1. ലെവൽക്രോസ് നം.287-കി.മീ. 857/0-100 മുട്ടം 2.ലെവൽക്രോസ് നം.288-കി.മീ.863/0-100 ഉപ്പള 3. ലെവൽക്രോസ് നം.289-കി.മീ.865/500-600 4. ലെവൽക്രോസ് നം.291-കി.മീ.868/700-800-മഞ്ചേശ്വരം യാഡ് 5. ലെവൽക്രോസ് നം.292-കി.മീ.870/800-900 |
| (ബി) | പ്രസ്തുത ലെവൽ ക്രോസുകൾ ഒഴിവാക്കി ഓവർ ബ്രിഡ്ജ്/അണ്ടർ ബ്രിഡ്ജ് നിർമ്മിക്കുന്ന കാര്യം റെയിൽവേയുടെയോ സർക്കാരിന്റെയോ പരിഗണനയിൽ ഉണ്ടോ; എങ്കിൽ ഏതെല്ലാം ലെവൽ ക്രോസ്സുകളിലാണ് ഇവ നിർമ്മിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. ലെവൽക്രോസ് നം.287 - മംഗൽപാടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷപ്രകാരം 10,85,74,339/- രൂപ എസ്റ്റിമേറ്റ് തുകയുള്ള ടി ആർ.ഒ.ബി യുടെ സെന്റേജ് ചാർജായ 21,71,487/- രൂപ അടയ്ക്കുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് റെയിൽവേ ആവശ്യപ്പെ ട്ടിട്ടുണ്ട്. ലെവൽക്രോസ് നം.288(ഉപ്പള)- 2021-22റെയിൽവേ പിങ്ക് ബുക്കിൽ സബ് വേ ഉൾപ്പെടെ ആർ.ഒ.ബി നിർമ്മാണം അംഗീകരിച്ചിട്ടുണ്ട്. ടി റെയിൽവേ മേൽപ്പാല ത്തിന്റെ നിർമ്മാണം കെ.ആർ.ഡി.സി.എൽ- നെ ഏൽപ്പിച്ചിട്ടുണ്ട്. ലെവൽക്രോസ് നം.289&291 മഞ്ചേശ്വരം (എൽ.സി.നം.291) ഹൊസങ്കടി (എൽ.സി.നം. 289) എന്നീ റെയിൽ മേൽപ്പാലങ്ങളുടെ നിർമ്മാണം ആർ.ബ.ഡി. സി.കെ.-യെ ഏൽപ്പിച്ചിട്ടുണ്ട്. |
| (സി) | ഉപ്പള, ഷിറിയ (മുട്ടം) എന്നീ ലെവൽ ക്രോസ്സുകൾ ഒഴിവാക്കി അവിടെ ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | (സി) ഉപ്പള ലെവൽ ക്രോസ് ഒഴിവാക്കി ആർ.ഒ.ബി നിർമ്മാണം കെ.ആർ.ഡി.-സി.എൽ-നെ ഏൽപ്പിച്ച പ്രവൃത്തിയാണ്. ഷിറിയ (മുട്ടം) ലെവൽ ക്രോസ് ഒഴിവാക്കി ഓവർ ബ്രിഡ്ജ് നിർമ്മിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ഡി) | കുമ്പള റെയിൽവേ സ്റ്റേഷനിൽ റിസർവേഷൻ സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | (ഡി) | കുമ്പള റെയിൽവേ സ്റ്റേഷൻNSG 5 കാറ്റഗറിയി ലുള്ളതാണ്. പ്രസ്തുത സ്റ്റേഷനിലെ “Average daily foot falls” 2019-20 ൽ 3212 ഉം 2020-21 ൽ 86 ഉം |

| | | | |
|---|---|---|---|
| | | | ആണ്. ആയതിനാൽ നിലവിലെ മാനദണ്ഡ പ്രകാരം കുമ്പള റെയിൽവേ സ്റ്റേഷനിൽ പാസഞ്ചർ റിസർവേഷൻ സംവിധാനം ഏർപ്പെടുത്താൻ കഴിയില്ല. മാത്രമല്ല തൊട്ടടുത്ത സ്റ്റേഷനുകളായ കാസർഗോഡ് മഞ്ചേശ്വരം എന്നീ റെയിൽവേ സ്റ്റേഷനുകളിൽ ടിക്കറ്റ് സർവേഷൻ സംവിധാനം നിലവിലുണ്ട്. കുമ്പള റെയിൽവേ സ്റ്റേഷനിൽ സ്റ്റേഷൻ ടിക്കറ്റ് ബുക്കിംഗ് ഏജന്റ് സംവിധാനം ഏർപ്പെടുത്തുന്നത് റെയിൽവേ പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ